പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR**

**PROTECTION OF CHILD RIGHTS**

Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

06.05.2022

## മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാത്ത എല്ലാ ഫാമുകളും അടച്ചു പൂട്ടുണം

**-ബാലാവകാശ കമ്മീഷൻ**

കൊല്ലം: പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്നതും പരിസ്ഥിതിയെ ബാധിക്കുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാത്തതുമായ സംസ്ഥാനത്തെ എല്ലാ മൃഗസംരക്ഷണ ഫാമുകളും അടച്ചു പൂട്ടുന്നതിന് ബാലാവകാശ കമ്മീഷൻ ഉത്തരവായി. ഇതിനാവശ്യമായ ഉത്തരവുകൾ ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറി എന്നിവർ പുറപ്പെടുവിക്കണമെന്നും കമ്മീഷൻ അംഗം റെനി ആന്റണി നിർദ്ദേശം നൽകി.

മേലില ഗ്രാമപഞ്ചായത്തിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഉപാസന ഡയറി ഫാം ഉടൻ നിർത്തി വയ്ക്കണം. ഫാമിൽ നിന്നുമുണ്ടാകുന്ന മലിനീകരണം മൂലം പരിസരവാസികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറും മേലില ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

അശാസ്ത്രീയമായി നടത്തുന്ന ഫാമിൽ നിന്ന് അമിതമായ ദുർഗന്ധവും, ഈച്ച, കൊതുക് തുടങ്ങിയ പ്രാണികളുടെ ശല്യവും കാരണം പരിസരവാസികൾക്കും , കുട്ടികൾക്കും ഭക്ഷണം കഴിക്കാൻ പോലും കഴിയുന്നില്ല. ഇത് കുട്ടികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു തുടങ്ങിയ കാര്യങ്ങൾ പരാമർശിച്ച് കൊല്ലം ചൈൽഡ് ലൈൻ കോ-ഓർഡിനേറ്റർ സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

പബ്ളിക് റിലേഷൻസ് ഓഫീസർ